

# പൊൻമുടി




• അശ്ക്കർ കബീർ

ഹിമാലയത്തെക്കാൾ പ്രായമുണ്ട് നമ്മുടെ പശ്ചിമ ഘട്ടത്തിന്. ഡക്കാൻ പീഠഭൂമിയുടെ പടിഞ്ഞാറേ അരികിലും അറബിക്കടലിന് സമാന്തരമായും കടന്നു പോകുന്ന മലകൾ, കൊടുമുടികൾ, കുന്നുകൾ, താഴ്‌വരകൾ, നദികൾ, വെള്ളച്ചാട്ടങ്ങൾ, ഇടതൂർന്ന നിത്യഹരിത ഉഷ്ണ മേഖലാ വനങ്ങൾ, ചോല മഴക്കാടുകൾ തുടങ്ങിയ ജൈവവൈവിധ്യത്തിന്റെ കലവറയാണ് പശ്ചിമഘട്ടം.

കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലായി 1500 കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ടത്തെ ആശ്രയിച്ചാണ് 25 കോടി ജനങ്ങൾ അധിവസിക്കുന്നത്.

4000 ഇനം സസ്യങ്ങളുടെയും 645 ഇനം പുഷ്പങ്ങളുടെയും, 682 ഇനം പായലുകളുടെയും, 350 തരം ഉറുമ്പുകളുടെയും 1000 തരം പ്രാണികളുടെയും 320 ഇനം ചിത്രശലഭങ്ങളുടെയും 170 ഇനം തുമ്പികളുടെയും 269 തരം ഒച്ചുകളുടെയും 288 ഇനം മത്സ്യങ്ങളുടെയും 500 -ലധികമിനം പക്ഷികളുടെയും 120 ഇനം സസ്തനികളുടെയും അധിവാസ മേഖലയായ പശ്ചിമഘട്ടത്തിലെ കേരളത്തിൽ മാത്രം 44 നദികൾ ഉദ്ഭവിച്ച് അറബിക്കടലിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു.

ലോകത്തെ 35 ജൈവവൈവിധ്യ കേന്ദ്രങ്ങളിലൊന്ന് കൂടിയാണിത്. പശ്ചിമഘട്ട മലനിരകളുടെ തെക്കേയറ്റത്തായാണ് അതിമനോഹരമായ പൊൻമുടി മലനിരകളുടെ കിടപ്പ്. ജീവിതത്തിലൊരിക്കലെങ്കിലും കാണേണ്ട വിനോദസഞ്ചാര കേന്ദ്രമാണ് പൊൻമുടി.

ഇന്ത്യയിൽ കടലും മലകളും തമ്മിലെ അകൽച്ച ഏറ്റവും കുറഞ്ഞ നഗരമാണ് തിരുവനന്തപുരം. സ്പെയിനിലെ ബാഴ്സലോണ പട്ടണത്തിന് സമാനമാണ് നഗരത്തിന്റെ ഭൂമിശാസ്ത്രം. നഗരത്തിൽ നിന്ന് വടക്കു കിഴക്ക് 61 കിലോമീറ്റർ സഞ്ചരിച്ചാൽ പൊൻമുടിയായി. സമുദ്രനിരപ്പിൽ നിന്ന് 1100 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മനംമയക്കുന്ന കാഴ്ചകളുമായി മലനിരകൾ. നഗരത്തിൽ



▸▸ റബർ മരങ്ങളിൽ പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഹോർമോൺ– എഥിലിൻ



നിന്ന് തിരിച്ച നാം നെടുമങ്ങാട്, കളിമാനൂർ വഴി വിതുരയിലെത്തി. തുടർന്ന് ആനപ്പാറ കഴിഞ്ഞപ്പോഴാണ് ശിലകളിൽ സംഗീതമുതിർക്കുന്ന കല്ലാറിന്റെ മനോഹരമായ ദൃശ്യം തെളിഞ്ഞത്.

പൊൻമുടിയിലുൽഭവിച്ച് വാമനപുരം നദിയിൽ ചെന്നുചേരുന്ന പുഴയാണിത്. മൺസൂണോടു കൂടി കല്ലാറിന്റെ ഒഴുക്ക് ശക്തമാകും. നിരവധി ജീവനുകളാണ് ഇതിൽ പൊലിഞ്ഞുപോയിട്ടുള്ളത്. ഓരോ ഹെയർ പിൻ പിന്നിട്ടു കഴിയുമ്പോഴും തുടുത്ത പച്ചപ്പിന്റെയും അഗാധ ഗർത്തങ്ങളുടെയും തേയിലത്തോട്ടങ്ങളുടെയും അതിമനോഹര ദൃശ്യങ്ങൾ മനം കുളിർപ്പിക്കുന്നു.

22 ഹെയർ പിന്നുകൾ പിന്നിട്ട് പൊൻമുടിയെത്തിക്കഴിഞ്ഞു. മഞ്ഞ് മൂടിക്കിടക്കുന്ന പച്ചപ്പിന്റെ സുന്ദര ദൃശ്യങ്ങൾ. കടുത്ത വേനലിലും മഞ്ഞ് പെയ്യുന്ന ഭൂപ്രകൃതിയാണിവിടം. അഗസ്ത്യ താഴ്‌വാരത്തിലെ ആദിവാസി വിഭാഗമായ കാണിക്കരായിരുന്നു ഇവിടത്തെ പ്രാചീന നിവാസികൾ.

അവരുടെ വിശ്വാസ പ്രകാരമുള്ള മലദൈവങ്ങൾ പൊന്ന് കാക്കുന്നിടമാണ് പൊൻമുടിയായതെന്നാണ് ചില പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇവിടത്തെ പുരാതന അധിവാസികളായ ബൗദ്ധരും ജൈനരും തങ്ങളുടെ ദേവനെ പൊന്നയിൽ എന്ന് വിളിച്ചിരുന്നതിൽ നിന്നാണ് പേര് വന്നതെന്ന അഭിപ്രായവും നിലവിലുണ്ട്.

എക്കോ പോയിന്റ് പിന്നിട്ട് 1500 മീറ്റർ മുകളിലേക്ക് വീണ്ടും സഞ്ചരിച്ചാൽ വരയാട് മൊട്ടയെത്തും. പശ്ചിമഘട്ടത്തിലെ അപൂർവ്വ ഇനങ്ങളായ നീലഗിരി താറിന്റെ (വരയാട്) വാസഗേഹം കൂടിയാണ് വരയാട് മൊട്ട. പൊൻമുടിയിൽ നിന്നാണ് പ്രമുഖ ജന്തുശാസ്ത്രജ്ഞനായ ഡോ. എസ്.ഡി. ബിജു ഒരിനം അപൂർവ്വ തവളയെ കണ്ടെത്തിയത്. മാക്രി സാലസ് എന്ന പേരും അതിന് നൽകി. പ്രമുഖ വന്യജീവി ഫോട്ടോഗ്രാഫറായ സാലി പാലോടിനോടുള്ള ആദരസൂചകമായിരുന്നു പ്രസ്തുത പേര്.

ബ്രിട്ടീഷുകാരായിരുന്നു ഇവിടെ ആദ്യകാലങ്ങളിൽ തേയിലത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചിരുന്നത്. എന്നാൽ നാശോൻമുഖമാണ് പല തോട്ടങ്ങളുടെയും ഇന്നത്തെ അവസ്ഥ .

പൊൻമുടി ഉൾപ്പെടുന്ന പെരിങ്ങമല പഞ്ചായത്തിൽ മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ പണിപ്പുരയിലാണ് ഭരണാധികാരികൾ. പ്രദേശത്തിന്റെ ജൈവ വൈവിധ്യത്തെ തകർക്കുമെന്നും നിരവധി ആരോഗ്യ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുമെന്നും ഭയന്ന് തദ്ദേശിയ പദ്ധതികൾക്കെതിരെ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്.

◆

▸▸ എട്ടുകാലിയുടെ ശ്വസനാവയവം– ബുക്ക്‌ലങ്ങുകൾ